## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1555** **05/02/2019- ൽ മറുപടിയ്ക്ക്**

## കോന്നി ബൈപ്പാസിന് തണ്ണീർത്തടം നികത്താൻ അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ് | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) കോന്നി ബൈപ്പാസ് നിർമ്മാണത്തിന് തണ്ണീർത്തടം നികത്തുന്നതിനുള്ള അനുമതിക്കായി പ്രാദേശിക നിരീക്ഷണ സമിതി (കൃഷി ഓഫീസർ, വള്ളിക്കോട്/പ്രമാടം/കോന്നി) മുൻപാകെ പൊതുമരാമത്ത് വകുപ്പ് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷ സമർപ്പിച്ചത് എന്നാണെന്ന് അറിയിക്കുമോ; | (എ) കോന്നി ബൈപ്പാസ് നിർമ്മാണത്തിനായി നിലം നികത്തുന്നതിന് വള്ളിക്കോട്, പ്രമാടം, കോന്നി ഗ്രാമപഞ്ചായത്തുകളിലെ പ്രാദേശിക തല നിരീക്ഷണ സമിതികൾ മുമ്പാകെ യഥാക്രമം 23.06.2018, 22.06.2018, 31.05.2018 എന്നീ തീയതികളിലായി പൊതുമരാമത്ത് വകുപ്പ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ആയതിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ; | (ബി) പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ വള്ളിക്കോട് കൃഷിഭവനിൽ നൽകിയ അപേക്ഷയിൽ നികത്തേണ്ട തോട്/നിലം എന്നിവയുടെ ബ്ലോക്ക് നമ്പർ ഉൾപ്പെടുത്തി നൽകണമെന്ന് കൃഷി ഭവനിൽ നിന്നും രേഖാമൂലം പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുണ്ട്.<br>പ്രമാടം ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ പ്രാദേശിക തല നിരീക്ഷണ സമിതി സ്ഥലപരിശോധന നടത്തി 07.01.2019 ൽ യോഗം ചേരുകയും, പത്തനംതിട്ട പി.ഡബ്ല്യൂ.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ (റോഡ്സ്) കാര്യാലയത്തിൽ 25.01.2019 ന് റിപ്പോർട്ട് നൽകിയിട്ടുള്ളതുമാണ്.<br>കോന്നി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ പ്രാദേശിക |

| | | | |
|---|---|---|---|
| | | | തല നിരീക്ഷണ സമിതി 04.01.2019 -ാം തീയതി സ്ഥലപരിശോധന നടത്തുകയും ചെയ്തു. |
| (സി) | പ്രസ്തുത അപേക്ഷയിൻമേൽ നടപടികൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ്, ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (സി) & | പ്രമാടം ഗ്രാമപഞ്ചായത്തിലെ പ്രാദേശിക തല നിരീക്ഷണ സമിതി നടപടികൾ 25.1.2019-ൽ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ അപാകത കണ്ടെത്തി യിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ലഭിയ്ക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇക്കാര്യത്തിൽ അടിയന്തരമായി നടപടികൾ പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ? | (ഡി) | |

Sreelatha

**സെക്ഷൻ ഓഫീസർ**